"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കൺട്രോൾ റൂം, തിരുനന്തപുരത്തിനെ ഫ്ലയിംഗ് സ്ക്വാഡ് റേഞ്ച് തിരുവനന്തപുരം എന്ന് പുനർനാമകരണം ചെയ്ത് ആസ്ഥാനം പി.ടി.പി. നഗറിലേയ്ക്ക് മാറ്റി സ്ഥാപിച്ചും, വനം വകുപ്പാസ്ഥാനത്ത് ഒരു പുതിയ കൺട്രോൾ റൂം രൂപീകരിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.128/2024/F&WLD** **തീയതി,തിരുവനന്തപുരം, 12-03-2024**

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 05.09.2023, 16.02.2024 തീയതികളിലെ ഇ-7-4954/2019 നമ്പർ കത്ത്.

**ഉത്തരവ്**

വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കൺട്രോൾ റൂം, തിരുവനന്തപുരത്തിനെ ഫ്ലയിംഗ് സ്ക്വാഡ് റേഞ്ച് തിരുവനന്തപുരം എന്ന് പുനർനാമകരണം ചെയ്ത് ആസ്ഥാനം പി.ടി.പി. നഗറിലേയ്ക്ക് മാറ്റി സ്ഥാപിക്കണമെന്നും, തിരുവനന്തപുരം ജില്ലയിലെ വിവിധ ഓഫീസുകളിൽ നിന്നും തസ്തികകൾ പുനർവിന്യസിച്ചു കൊണ്ട് വനം വകുപ്പാസ്ഥാനത്ത് ഒരു പുതിയ കൺട്രോൾ റൂം രൂപീകരിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പരാമർശിത കത്ത് പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. തസ്തികകളുടെ പുനർവിന്യാസം ബന്ധപ്പെട്ട റെയ്ഞ്ചുകളുടെ പ്രവർത്തനത്തെ ഒരു തരത്തിലും ബാധിക്കുകയില്ലായെന്നും, പുതിയ കൺട്രോൾ റൂമിൽ പൊതുജനങ്ങൾ സമർപ്പിക്കുന്ന പരാതികളും ആക്ഷേപങ്ങളും കാലതാമസം കൂടാതെ ബന്ധപ്പെട്ട ഓഫീസർമാർക്ക് കൈമാറുന്ന രീതിയിലുള്ളതും, പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുവാൻ കഴിയുന്നതും വിവിധ വിഭാഗങ്ങളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുവാൻ കഴിയുന്നതുമായ ഐ.വി.ആർ. സിസ്റ്റം അടക്കം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും, ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ ചെയ്തതു പ്രകാരം, നിലവിൽ വനം വകുപ്പ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന കൺട്രോൾ റൂം, തിരുവനന്തപുരത്തിനെ ഫ്ലയിംഗ്

സ്ക്വാഡ് റേഞ്ച് തിരുവനന്തപുരം എന്ന് പുനർനാമകരണം ചെയ്ത് ആസ്ഥാനം പി.ടി.പി. നഗറിലേയ്ക്ക് മാറ്റി സ്ഥാപിച്ചും, തിരുവനന്തപുരം ജില്ലയിലെ വിവിധ ഓഫീസുകളിൽ നിന്നും തസ്തികകൾ പുനർവിന്യസിച്ചു കൊണ്ട് വനം വകുപ്പാസ്ഥാനത്ത് ഒരു പുതിയ കൺട്രോൾ റൂം രൂപീകരിക്കാനുമുള്ള അനുമതി നല്കികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള,തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 12-03-2024 11:34:17
സെക്ഷൻ ഓഫീസർ